പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 45 | 27.02.2017 ൽ മറുപടിയ്ക്ക്

# ഭരണപരിഷ്കാര കമ്മീഷൻ

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ

ശ്രീ.സണ്ണി ജോസഫ്

(എ) ഈ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ.പിണറായി വിജയൻ

മുഖ്യമന്ത്രി

(എ) ഭരണപരിഷ്കാര കമ്മീഷന്റെ ആദ്യ യോഗം 14.10.2016 ൽ യോഗം ചേരുകയും കമ്മീഷന്റെ തുടർ പ്രവർത്തനങ്ങൾ എപ്രകാരം ക്രമീകരിക്കണമെന്നത് സംബന്ധിച്ച് പ്രാഥമിക വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. കമ്മിഷൻ നാളിതുവരെ നാല് യോഗങ്ങൾ ചേർന്നിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെയും കമ്മിഷന്റെ സമീപനരേഖ, രീതിശാസ്ത്രം എന്നിവ തയ്യാറാക്കുന്നതിന് സഹായകമാവുക എന്ന ഉദ്ദേശ്യത്തോടെയും വിവിധ മേഖലകളിൽ ഭരണപരിചയം ഉള്ളവരുടേയും വിവിധ വിഷയ വിദഗ്ധരെയും പങ്കെടുപ്പിച്ചുകൊണ്ട് 28.1.2017 ൽ തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ച് ഒരു പര്യാലോചനാ യോഗം സംഘടിപ്പിച്ചിരുന്നു. ഈ യോഗത്തിൽ ഭരണകാര്യ നിർവ്വഹണ രംഗത്തെ വിദഗ്ധരും സാമൂഹ്യ രംഗത്തെ പരിചയ സമ്പന്നരായിട്ടുള്ള വ്യക്തികൾ വരികയും ചർച്ചയിൽ പങ്കെടുക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കമ്മീഷന്റെ കരട് സമീപന രേഖ തയ്യാറാക്കുകയും അത് അന്തിമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

പൊതുജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച്

| | |
|---|---|
| | സമഗ്രമായ പഠനം നടത്തി ഘട്ടം ഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ സമഗ്രമാക്കുന്നതിനും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സർവീസ് സംഘടനകൾ, വിദഗ്ധർ, പൊതുജനങ്ങൾ എന്നിവരുമായി ആശയ വിനിമയം നടത്തുന്നതിനും അഭിപ്രായ സ്വരൂപണം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് കമ്മീഷന് സ്വന്തമായി വെബ്സൈറ്റ് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കമ്മീഷൻ ഇതുവരെ എന്തെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;<br>(സി) പ്രസ്തുത ശിപാർശകളിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ബി) & (സി) കമ്മീഷൻ ഇതുവരെ ശുപാർശകൾ ഒന്നും സമർപ്പിച്ചിട്ടില്ല. |

Jeei R

സെക്ഷൻ ഓഫീസർ